# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6083.

07-11-2016 ൽ മറുപടിയ്ക്ക്

## വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ചെറിയാണ്ടി കുന്നുമ്മൽ, കാക്കുനി പാടശേഖരം - 99.45 ലക്ഷം<br>പമ്പ് ഹൗസിനും ഷട്ടർ ബണ്ടിനും ആവശ്യമായ സ്ഥലം വിട്ടു കിട്ടാത്തത് കാരണം പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.<br>2) കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖരം 99.9 ലക്ഷം<br>കുറിച്ചകം, കുഴിവയൽ പാടശേഖരങ്ങളിലെ 90% പണി പൂർത്തീകരിച്ചിട്ടുണ്ട്. പാവുള്ളാട്ടു വയൽ കാപ്പ് (കുളം) നവീകരണത്തിന് സ്ഥലം ഉടമസ്ഥതാ തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകുന്നതിനായി 50.00 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.<br>3) നാരായണി നട, വാച്ചാൽ നട, തീക്കുനി പാടശേഖരം 152.28 ലക്ഷം<br>പ്രവൃത്തി സ്ഥലത്ത് വെള്ളക്കെട്ട് ഒഴിവാക്കാനാകാത്ത അവസ്ഥയാണ്. മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടും വേനൽക്കാലം കുറ്റ്യാടി കനാൽ തുറക്കുന്നതും കാരണം വെള്ളം കയറുകയും ചെയ്യുന്നു. ആയതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. ജനുവരി മാസം ആരംഭിച്ച് മെയ് മാസത്തോടെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാവുന്ന രീതിയിൽ പ്രവൃത്തി നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br>4) <u>പെരുവയൽ പാടശേഖരം - 160.8 ലക്ഷം</u><br>പമ്പ്ഹൗസുകളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടിയിട്ടില്ല. തോട്ടുകോവുമ്മൽ - മൂഴിക്കൽ തോടിന്റെ അതിർത്തി തർക്കവുമായി കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ഭാരവാഹികളുടെ മധ്യസ്ഥതയിൽ പ്രശ്ന പരിഹാരം ഉണ്ടാക്കിയപ്പോഴേയ്ക്കും മഴക്കാലം തുടങ്ങിയത് കാരണം പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. നവംബർ അവസാനത്തോടെ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>5) <u>തെയ്യാട്ടുതാഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖരം - 132.5 ലക്ഷം</u><br>ശാന്തിനഗർ ചെറുകുന്ന് പ്രവൃത്തി പൂർണ്ണമായും തെയ്യാട്ടുതാഴെ പാടശേഖര പ്രവൃത്തി 85% വും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പാർട്ട് ബിൽ അനുവദിക്കുകയും രണ്ടാമത്തെ പാർട്ട് ബിൽ മാറുന്നതിനായി 45.00 ലക്ഷം രൂപ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.<br>6) <u>ഊരത്ത് വടയം പാടശേഖരം (കുറ്റ്യാടി പഞ്ചായത്ത്) - 196.73 ലക്ഷം</u><br>പ്രവൃത്തി ആരംഭിച്ചപ്പോൾത്തന്നെ ഒരു വിഭാഗം നാട്ടുകാർ പ്രവൃത്തി തടയുകയും തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിരവധി തവണ കൂടിയാലോചനകൾ നടത്തിയെങ്കിലും പ്രവൃത്തി പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. കരാറുടമ്പടി വച്ച് 16 മാസമായിട്ടും സ്ഥലം വിട്ടുകിട്ടാത്തതിനാലും, കരാറുടമ്പടി തീരാൻ ഇനി രണ്ടു മാസം മാത്രമേ ഉള്ളൂ എന്നതിനാലും പ്രവൃത്തി ഇനി ഏറ്റെടുത്തു പൂർത്തിയാക്കാൻ സാധിക്കില്ലെന്ന് കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എത്ര ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കാമോ; | (ബി) | 378 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പാക്കുന്നത്. എസ്റ്റിമേറ്റ് തുക 841.66 ലക്ഷം. |
| (സി) | പദ്ധതി പൂർത്തിയാകുന്നതോടെ മണ്ഡലത്തിലെ നെൽകൃഷി മേഖലയിൽ കൈവരിക്കാനാവുന്ന നേട്ടങ്ങൾ വിശദമാക്കാമോ; | (സി) | പദ്ധതി പ്രകാരമുള്ള വികസന പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ നിലവിൽ നെൽകൃഷി ചെയ്യാൻ കഴിയാത്ത നിലങ്ങൾ കൃഷിക്കു പയുക്തമാക്കാനും ഒരുപ്പൂ കൃഷി നിലങ്ങളെ |

| | | | |
|---|---|---|---|
| | | | ഇരുപ്പ ആക്കി മാറ്റുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലവിനിയോഗം കാര്യക്ഷമമാക്കുകയും യന്ത്രവൽക്കരണം ഉൾപ്പെടെ ശാസ്ത്രീയ മുറകൾ അനുവർത്തിക്കുകയും ചെയ്യുകവഴി ഈ പ്രദേശത്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിക്കും. ഏകദേശം 640 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ കഴിയുന്നതോടൊപ്പം തെങ്ങ്. പച്ചക്കറി. വാഴ തുടങ്ങിയ വിളകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കൂടാതെ മൃഗ സംരക്ഷണ -ക്ഷീര മേഖലയിലും ഉണർവ്വുണ്ടാക്കുന്നതിന് ഈ പദ്ധതി സഹായകരമായിരിക്കും |
| (ഡി) | ഏത് ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ? | (ഡി) | നബാർഡിന്റെ സഹായത്തോടെ (ആർ.ഐ.ഡി.എഫ്.) കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗമാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. 2017 മെയ് മാസത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ